## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ജലത്തിന്റെ തണുപ്പും നിശ്ചലതയും ആടുകളുടെ ആരോഗ്യത്തിന് എപ്പോഴും സഹായമാണ്. അതുകൊണ്ടു തന്നെ, ആ വിധത്തിൽ ലഭിക്കുന്ന സന്ദർഭങ്ങൾ ഒരു ഇടയൻ ഒരിക്കലും പാഴാക്കുകയില്ല. ഇടയൻ അതിരാവിലെ എഴുന്നേററ് ആടുകളെ ഉണർത്തുകയും അവയെ പുൽമേടുകളിലേക്ക് നയിക്കുകയും ചെയ്യുന്നു. പലപ്പോഴും ആടുകളെ നിർബന്ധിച്ചായിരിക്കും ഇടയൻ അവിടേക്ക് കൊണ്ടുപോകുന്നത്. പുല്ലുകൾ നനഞ്ഞിരിക്കുന്നതിനാൽ, അവയിലിറങ്ങുവാൻ ആദ്യം ആടുകൾ മടിക്കുക സ്വാഭാവികമാണ്. എന്നാൽ ഇടയൻ മുൻപേ നടക്കുന്നു എന്നതിനാൽ, ആടുകളും ഇടയനെ അനുഗമിക്കുന്നു. ഒടുവിൽ അവ പുല്ലുകൾ മേയുവാൻ തുടങ്ങുന്നു. പുല്ലോടു കൂടെ നിശ്ചലമായ ജലവും ഉള്ളിൽ കടക്കുന്നു. ലഭിക്കാവുന്ന ഏററവും നല്ല പുല്ലും ശ്രേഷ്ടമായ ജലവും അങ്ങനെ അവയ്ക്കു ലഭിക്കുന്നു. ആവശ്യംപോലെ അവ ഭക്ഷിക്കുന്നു. വെയിലിന്റെ ചൂട് അനുഭവപ്പെട്ടു തുടങ്ങുമ്പോഴേക്കും തിന്നു തൃപ്തിയായ നിലയിൽ അവ തണലിൽ കിടന്ന് അയവിറക്കുവാൻ തുടങ്ങുന്നു. ഇനിയും അവയ്ക്കും അന്ന് വെള്ളം കുടിപ്പാനായി എങ്ങും ഓടേണ്ടതായ ആവശ്യമില്ല. അതിരാവിലെ ദൈവസന്നിധിയിൽ സമയം ചെലവഴിക്കുന്നതുപോലെ ശ്രേഷ്ഠമായ അനുഭവം ദൈവപൈതലിന് വേറെ ലഭിക്കുകയില്ല. ആ നിശ്ചലമായ അന്തരീക്ഷത്തിലേക്ക് നയിക്കുവാൻ നമ്മുടെ ഇടയൻ ആഗ്രഹിക്കുകയും അതിനായി ശ്രമിക്കുകയും ചെയ്യുന്നു. അതിരാവിലെ എഴുന്നേററ് വചനം ധ്യാനിപ്പാനും പ്രാർത്ഥിച്ച് ബലപ്പെടുവാനും ദൈവാത്മാവ് നമ്മെ തട്ടി ഉണർത്തുമ്പോൾ നാം അത് ചെയ്യണം. ഉറക്കത്തിൽ നിന്ന് ഉണർന്ന് ദൈവസന്നിധിയിൽ സമയം ചെലവഴിക്കുന്നത് പലർക്കും പ്രയാസമായി തോന്നിയേക്കാം. എന്നാൽ നമ്മുടെ ഇടയനായ യേശുവിനെ നോക്കുക. അവൻ ഇന്നു നമ്മെ ഉണർത്തുവാനും നയിക്കുവാനും ശ്രമിക്കുന്നു എന്നു മാത്രമല്ല അവൻ അതിന് മാതൃക കാണിച്ചു തരികയും ചെയ്തിട്ടുണ്ട്. യേശു ഈ ലോകത്തിൽ ആയിരുന്ന കാലത്ത് 'അവൻ അതികാലത്ത്' പ്രാർത്ഥിപ്പാൻ പോയിരുന്നു എന്ന് തുടരെ വായിക്കുന്നുണ്ട്. അപ്രകാരം ചെയ്യേണ്ടതിന്റെ ആവശ്യവും പ്രാധാന്യവും അതുകൊണ്ടുള്ള പ്രയോജനവും അവൻ മനസിലാക്കിയിരിക്കുന്നു. അതുകൊണ്ടു തന്നെയാണ്, അപ്രകാരം നയിപ്പാനും അവൻ ആഗ്രഹിക്കുന്നത്. അതിരാവിലെയുള്ള ധ്യാനത്തിൽ ലഭിക്കുന്നതുപോലുള്ള നിശ്ചലത അഥവാ ഏകാഗ്രത മറേറതെങ്കിലും സമയങ്ങളിൽ ലഭിക്കുക സാദ്ധ്യമല്ല. ആകയാൽ അതിരാവിലെ ദൈവാത്മാവ് നമ്മെ ഉയർത്തുമ്പോൾ ഉണരുക. അപ്പോൾ യേശു നമ്മെ നിശ്ചല ജലത്തിന്റെ അരികിലേക്ക് നയിക്കുന്നതായി നമുക്ക് അനുഭവപ്പെടും. ഈ നിശ്ചല ജലത്തിന്റെ പ്രത്യേകത, അത് എപ്പോഴും ലഭിക്കുന്നതല്ല എന്നതാണ്. അത് ലഭിക്കുന്ന ഒരു സമയമുണ്ട്. ആ സമയത്ത് അല്ലാതെ മറെറാരു സമയത്തും അത് യാതൊരു നിലയിലും ലഭിക്കുന്നതല്ല.

തുടരും...